പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 365      11.12.2012-ൽ മറുപടിയ്ക്ക്

## കേന്ദ്ര സർക്കാരിൻെറ വൈദ്യുതി പരിഷ്ക്കാരങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ:<br>ശ്രീ. വി. ചെന്താമരാക്ഷൻ :<br>ശ്രീ. കെ. കെ. നാരായണൻ :<br>ശ്രീ. എസ്. രാജേന്ദ്രൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) കേന്ദ്ര സർക്കാർ നടപ്പാക്കിയ വൈദ്യുതി പരിഷ്ക്കാരത്തിൻെറ ഭാഗമായി സംസ്ഥാനങ്ങൾ നടപ്പിലാക്കേണ്ടുന്ന നടപടികൾ സംബന്ധിച്ച കേന്ദ്ര നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ; | (എ) കേന്ദ്ര സർക്കാർ നടപ്പാക്കിയ വൈദ്യുതി പരിഷ്ക്കാരത്തിൻെറ ഭാഗമായി സംസ്ഥാനങ്ങൾ പാലിക്കേണ്ട ചില സുപ്രധാന നിർബന്ധിത വ്യവസ്ഥകൾ താഴെ പറയും വിധമാണ്.<br><br>(1) സംസ്ഥാന വൈദ്യുതി വിതരണ കമ്പനികളുടെ 31.03.2012 വരെ നിലവിലുള്ള ഹ്രസ്വകാല വായ്പകളുടെയും ബാധ്യതകളുടെയും 50% അതത് സംസ്ഥാന സർക്കാരുകൾ ഏറ്റെടുക്കേണ്ടതാണ്. ഇത്തരത്തിൽ ഏറ്റെടുക്കുന്ന ബാധ്യത കൾ കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്നതിലൂടെയും വായ്പാ തിരിച്ചടവുകളിലൂടെയും ഘട്ടംഘട്ടമായി സംസ്ഥാന സർക്കാരുകൾ നികത്തേണ്ടതാണ്.<br><br>(2) സംസ്ഥാന വിതരണ കമ്പനിയുടെ ('ഡിസ്കോമി')ൻെറ സാമ്പത്തിക പുനരുദ്ധാരണ പദ്ധതി ആവിഷ്കരിക്കുകയും ധനകാര്യ സ്ഥാപനങ്ങളുടെ കൂടി പങ്കാളിത്തത്തോടെ അവ നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.<br><br>(3) പദ്ധതിയുടെ ഫലപ്രദമായ പ്രവർത്തനങ്ങൾക്കായി |

സംസ്ഥാനതലത്തിൽ ഒരു നിരീക്ഷണ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(4) 2011-12-ലെ ആഡിറ്റ് അക്കൌണ്ട്സുകൾ ജനുവരി 31നകം തീർപ്പാക്കുകയും അവയെ 1956-ലെ കമ്പനി നിയമത്തിൻെറ പരിധിയിൽ കൊണ്ടു വരികയും ചെയ്യേണ്ടതാണ്.

(5) 2012-13-ലെ താരിഫ് വ്യവസ്ഥകൾ വൈദ്യുതി സാമ്പത്തിക പുനരുദ്ധാരണ പദ്ധതി അംഗീകരിക്കുന്നതിന് മുൻപു തന്നെ പ്രഖ്യാപിക്കേണ്ടതാണ്. തുടർന്ന്, റെഗുലേറ്ററി കമ്മീഷൻെറ അംഗീകാരത്തോടെ എല്ലാ വർഷവും ജനുവരി 1-ന് തന്നെ പുതിയ താരിഫ് നവീകരണം നടത്തേണ്ടതാണ്.

(6) കാർഷിക ഉപഭോക്താക്കളുടെ ഇളവുകൾ 'ഡിസ്കോമി'ന് സംസ്ഥാന സർക്കാരുകൾ നൽകേണ്ടതാണ്.

(7) എല്ലാ സർക്കാർ ഉപഭോക്താക്കൾക്കും, വൻകിട ഉപഭോക്താക്കൾക്കും പ്രീപെയ്ഡ് മീറ്ററുകൾ ഘടിപ്പിക്കേണ്ടതാണ്.

(8) ധനകാര്യ സ്ഥാപനങ്ങളുടെ പ്രതിനിധികളെക്കൂടി ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തേണ്ടതാണ്.

(9) വൈദ്യുതി മോഷണം തടയുന്നതിന് കർശന നടപടികൾ കൈക്കൊള്ളേണ്ടതാണ്.

(10) പ്രസരണ-വിതരണ നഷ്ടം പടിപടിയായി കുറച്ചു കൊണ്ടു വരുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

(ബി) ഇവയെല്ലാം സംസ്ഥാനത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) കേന്ദ്ര സർക്കാർ നിർദ്ദേശിച്ച വൈദ്യുതി സാമ്പത്തിക പുനരുദ്ധാരണ പാക്കേജ് തത്വത്തിൽ അംഗീകരിക്കുന്നതിനുള്ള ബോർഡിൻെറ സമ്മതം സർക്കാരിനെ അറിയിച്ചിട്ടുണ്ട്. സാമ്പത്തിക പുനരുദ്ധാരണ സ്കീം, ഇതിന്മേൽ ബോർഡ് സമർപ്പിച്ച നിർദ്ദേശങ്ങൾ എന്നിവ സർക്കാരിൻെറ പരിഗണനയിലാണ്. വിശദമായ പരിശോധനയ്ക്കു ശേഷം ഇതു സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

(സി) സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൻെറ ബാദ്ധ്യതകൾ എത്രയാണ് ; കേന്ദ്ര നിർദ്ദേശങ്ങളുടെ പശ്ചാത്തലത്തിൽ എത്ര കോടി രൂപയുടെ ബാധ്യതകൾ ഏതെല്ലാം നടപടികളിലൂടെ ഉടൻ ഇല്ലാതാക്കാൻ ഉദ്ദേശിക്കുന്നു; വിശദമാക്കാമോ ?

(സി) 31.03.2012-ലെ കണക്കു പ്രകാരം ബോർഡിൻെറ ഹ്രസ്വകാല ബാധ്യതകൾ ഏകദേശം 2640.63 കോടി രൂപയാണ്. സ്കീം സംബന്ധിച്ച് സർക്കാർ അന്തിമ തിരുമാനമെടുത്തതിനുശേഷം മാത്രമേ ബോർഡിൻെറ 50% ബാദ്ധ്യതകൾ ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള സ്കീം പ്രകാരമുള്ള നിർദ്ദേശങ്ങളിന്മേൽ നടപടിയെടുക്കുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ.